**SUNDAY** 24/11/2024 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/11/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്.

2. മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രാക്ടർ, ടില്ലർ, റഫ്രിജറേറ്റർ, വി ഗാർഡ് സ്റ്റബിലൈസർ എന്നിവ 06/12/2024 ന് രാവിലെ 11.30 മണിക്ക് ഫാം പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. സമഗ്ര ഫാം സഹായ പാക്കേജ് പദ്ധതി മൃഗസംരക്ഷണ വകുപ്പ് മുഖേന ഇടത്തരം ക്ഷീരകർഷകർക്കുള്ള സമഗ്ര ഫാം സഹായ പാക്കേജ് പദ്ധതി 2024-25 അനുസരിച്ച് ആലപ്പുഴ ജില്ലയിൽ മൂന്ന് യൂണിറ്റുകൾ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. കുറഞ്ഞത് പത്തു കറവ പശുക്കളോ അല്ലെങ്കിൽ കൂടിയത് 20 കറവ പശുക്കളോ ഉള്ള കർഷകരെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. നിർവ്വഹണചെലവ് ഉൾപ്പെടെ 100000/- രൂപയുടെ സാമ്പത്തിക സഹായമാണ് മൃഗസംരക്ഷണ വകുപ്പ് നൽകുന്നത്. ആലപ്പുഴ ജില്ലയിലെ അർഹരായ ക്ഷീരകർഷകർക്ക് ബന്ധപ്പെട്ട മൃഗാശുപത്രികൾ മുഖേന പ്രത്യേക ഫോമിൽ ആവശ്യമായ രേഖകൾ സഹിതം നവംബർ 30 നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അതാത് പഞ്ചയാത്തിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടുക. ഫോൺ 0477-2252431

**പരിശീലന പരിപാടി**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. ക്ഷീര വികസന വകുപ്പിൻ്റെ കീഴിലുള്ള തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിൽ 2024 ഡിസംബർ മാസം 04, 05 തീയതികളിൽ പത്തിലേറെ കറവ പശുക്കളെ വളർത്തുന്നവരോ അതിനുള്ള സാഹചര്യം ഉള്ളവരോ ആയ ക്ഷീര കർഷകർക്കായി 'ക്ഷീര സംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ' എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2024 ഡിസംബർ 3 തീയതി വൈകുന്നേരം 5 മണിയ്ക്ക് മുൻപായി തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രവുമായി ഫോൺമുഖേനയോ, ഇ -മെയിൽ മുഖാന്തിരമോ മുൻകൂട്ടി രജിസ്റ്റ്രേഷനായി ബുക്ക് ചെയ്യേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം ബുക്ക് ചെയ്തവർ 04.12.2024 ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് മുൻപായി പട്ടത്തുള്ള തിരുവനന്തപുരം ക്ഷീര പരിശീലനകേന്ദ്രത്തിൽ എത്തി, പേര് നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിനം 150/- രൂപ ദിനബത്തയും, 2 ദിവസത്തേയ്ക്കും കൂടി ആകെ 100/- രൂപ യാത്രബത്തയും ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് - 20/- രൂപ പരിശീലനത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. (പകർപ്പിൽ അക്കൗണ്ട് നമ്പരും ഐ.എഫ്.എസ്.സി.കോഡും വ്യക്തമായി തെളിഞ്ഞിരിക്കണം). കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം, പി. ഒ. ഫോൺ നം: 0471-2440911

e-mail id: principaldtctvm@gmail.com

5. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ **നവംബർ 26-ന് "വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും ജൈവ മാലിന്യ സംസ്ക്കരണവും – ആരോഗ്യത്തിനും ആദായത്തിനും" എന്ന വിഷയത്തിലും, നവംബർ 28 -ന് "ശുദ്ധജല**

**മത്സ്യകൃഷി"** **എന്ന വിഷയത്തിലും** പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ പരിശീലനത്തിനും 550/- രൂപ ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : 0487 2370773

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം